**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2853 — 17.10.2016 ൽ മറുപടിക്ക്

## പൊതുജനാരോഗ്യ മേഖലയ്ക്ക് പ്രത്യേക വകുപ്പ്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയിൽ, മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി സംവിധാനങ്ങൾ ഉറപ്പാക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമഗ്രമായ പ്രൊപ്പോസൽ 02.02.2015 ലെ സ.ഉ.(പി)നം.58/15/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇതു സംബന്ധിച്ചും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പൊതുജനാരോഗ്യ മേഖലയ്ക്ക് പ്രത്യേകം വകുപ്പ് വേണമെന്ന 2002-ലെ ദേശീയ ആരോഗ്യനയത്തിലെ ശിപാർശ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടെങ്കിൽ അത് വിശദമാക്കാമോ? | (സി) | പൊതുജനാരോഗ്യവും ചികിത്സയും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ രണ്ട് മേഖലകളും ഒരേ വകുപ്പ് കൈകാര്യം ചെയ്യുന്നതാണ് അഭികാമ്യം. പൊതുജനാരോഗ്യ മേഖലയിൽ ഒരു അർപ്പണ മനോഭാവത്തോടെയുള്ള ഭരണസംവിധാനം ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ